പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2022   22.03.2012 ലെ മറുപടിയ്ക്ക്

കാരുണ്യ ലോട്ടറിയിൽ നിന്നും ലഭിച്ച ലാഭ തുക

ചോദ്യം
ശ്രീ. പി.എ. മാധവൻ

ഉത്തരം

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാർ ആരംഭിച്ച കാരുണ്യ ലോട്ടറിയുടെ എത്ര നറുക്കെടുപ്പുകൾ നടന്നു ; | (എ) | 26 നറുക്കെടുപ്പുകൾ നടന്നു. |
| (ബി) | ലോട്ടറി നടത്തിപ്പിലൂടെ ലഭിക്കുന്ന ലാഭ തുക പാവപ്പെട്ട രോഗികൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചോ ; | (ബി) & (സി) | കാരുണ്യ ലോട്ടറി നടത്തിപ്പിലൂടെ ലഭിക്കുന്ന ലാഭതുക കാരുണ്യ ബനവെലന്റ് ഫണ്ട് എന്ന പേരിൽ ഒരു കോർപ്പസ് ഫണ്ട് രൂപീകരിച്ച് പാവപ്പെട്ട രോഗികൾക്ക് ചികിൽസാ ധനസഹായമായി നൽകുന്ന പദ്ധതി 2012 ഫെബ്രുവരി മാസം ആരംഭിക്കുകയും ആദ്യ ഘട്ട ധനസഹായവിതരണമായി കേരളത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ ചികിൽസയിൽ കഴിയുന്ന 20 പേർക്ക് മൊത്തം 17,10,000/- (പതിനേഴ് ലക്ഷത്തി പതിനായിരം രൂപ മാത്രം) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ ഇതിനകം ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് വരുന്നു. അപേക്ഷകൾ ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല കമ്മിറ്റി പരിശോധിച്ച്, അർഹതപ്പെട്ട ധനസഹായ തുക ശുപാർശ ചെയ്യുകയും , സംസ്ഥാന തലകമ്മിറ്റിയുടെ അന്തിമ തീരുമാന പ്രകാരം കാരുണ്യ ബെനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്റർ ബന്ധപ്പെട്ട ആശുപത്രികളിലേയ്ക്ക് ധനസഹായം അനുവദിക്കുന്നതുമാണ്. |
| (സി) | എങ്കിൽ ഇത് എപ്രകാരമെന്ന് അറിയിക്കാമോ ? | | |

സെക്ഷൻ ഓഫീസർ